(ബി) ഇപ്പോഴത്തെ വെറ്റിനറി ഡയറക്ടരെപ്പറ്റി വല്ല പരാതിയും ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതെപ്പറ്റി എന്തു നടപടി നടത്തിയെന്നു പറയുവാൻ ദയവുണ്ടാകുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനുമുമ്പ് തിരുവിതാംകൂർ വെറ്റർണറിപ്ലാന്റേഷൻസ് കമ്മീഷന്റെ ഉപദേശാനുസരണം ആക്ടിംഗ് ശിപായിയായി ഒരു ഗംഗാധരൻനായരെ നിയമിക്കയുണ്ടായിട്ടുണ്ട്. എന്നാൽ വേക്കൻസി ഇല്ലാതെവന്നതുകൊണ്ടു പിരിച്ചുവിടുകയുണ്ടായി. സംയോജനത്തിനുമുൻപാണു നിയമനം നടത്തിയിട്ടുള്ളതു്.

(ബി) പേരുവയ്ക്കാതെയും കള്ളപ്പേരുവച്ചും പരാതികൾ ലഭിച്ചിട്ടുണ്ട്. അങ്ങനെയുള്ള പരാതിയെസംബന്ധിച്ചു് ഗവണ്മെന്റ് അന്വേഷണം നടത്തിയിട്ടില്ല.

(സി) പരാതിക്കു വിധേയമായ ഉദ്യോഗസ്ഥനെസംബന്ധിച്ചു അന്വേഷണങ്ങൾ നടത്തുന്നുണ്ട്. അസിസ്റ്റന്റ് ഡയറക്ടറും ചില പരാതികൾ ഉന്നയിച്ചിട്ടുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: സംയോജനത്തിനുശേഷം ഒരു നിയമനം നടത്തിയിട്ടുള്ളതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിയാൻപാടില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അങ്ങനെ നിയമനംനടത്തിയിട്ടുണ്ടോ എന്നന്വേഷിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: തീർച്ചയായും അന്വേഷിക്കാം.

കാമ്പുരത്തിചിറ

*ക ൦ കവ. (വ) ശ്രീ. കെ. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവല്ലാതാലൂക്കിൽ പന്തളം വടക്കേക്കര പകുതിയിൽ കീഴേചാൽ പുഞ്ചയിൽ ഉൾപ്പെട്ട 'കാമ്പുരത്തിചിറ' നെൽക്കൃഷിക്കുവേണ്ടി നന്നാക്കിക്കൊടുക്കണമെന്നു് സ്ഥലവാസികളിൽനിന്നും അപേക്ഷകൾ കിട്ടിയിട്ടുണ്ടോ;

(ബി) അതെപ്പറ്റി എന്തു് നടപടികൾ കൈക്കൊണ്ടു?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ടു്.

(ബി) ചിറകെട്ടിപ്പിക്കുന്നതിനുള്ള എസ്റ്റിമേറ്റും പ്ലാനും തയാറാക്കിക്കഴിഞ്ഞു. ജോലി ഉടനെ തുടങ്ങുന്നതുമാണു്.

തൃശ്ശിവപേരൂർ ഡിസ്ട്രിക്ടിലെ കൃഷിനാശം

*ക ൦ കന. (ന) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കഉന്ന-ലെ വിരുപ്പു കൃഷികൾ തൃശ്ശിവപേരൂർ ഡിസ്ട്രിക്ടിലെ വടക്കൻ താലൂക്കുകളിൽ ചാഴിക്കേടുനിമിത്തം നാശം സംഭവിച്ചിരിക്കുന്നതായി ഗവണ്മെന്റിലേക്കു് അറിവു കിട്ടിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly